**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **28-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കുടിവെള്ള പദ്ധതിക്കായി ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ടി പഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കുകളും ജലശുദ്ധീകരണ ശാലയും നിർമ്മിക്കുന്നതിനായി സ്ഥലം 2022 ഒക്ടോബർ മാസം പൂർണ്ണമായി ലഭ്യമായിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം മൂലം കുടിവെള്ള പദ്ധതിയ്ക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്, വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനു വേണ്ടിയുള്ള 20 സെന്റ് സ്ഥലം തണ്ണീർത്തടം ആണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായുള്ള അപേക്ഷകളും, രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.<br>പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമാകേണ്ടതുണ്ട്. ഇതിന്റെ നടപടി ക്രമങ്ങൾ കൃഷി/റവന്യൂ വകുപ്പിൽ നടന്നുവരുന്നു.<br><br>കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി സ്ഥലം ലഭ്യമായ കുട്ടനാട് കുടിവെള്ള പദ്ധതി പ്രദേശങ്ങളിലെ പ്രവൃത്തികൾ, 10.01.2023 ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശാനുസരണം അനുവദിക്കപ്പെട്ടിരിക്കുന്ന |

| | | | |
|---|---|---|---|
| | | | **ഭരണാനുമതിയുള്ളതിൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ